കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8 /242/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in
തീയ്യതി : 28.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

തൃപ്രങ്ങോട്ടൂർഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : തൃപ്രങ്ങോട്ടൂർഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/

തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (എയിംസിൽ)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ മുഖേന)

3. കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/242/2019 തീയ്യതി: 28.03.2019

# കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 16-8-2017 മുതൽ 31-3-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 34അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പാർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ.എം. പി. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 19-2-2019 മുതൽ 1-3-2019 വരെ | ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഓഡിറ്റ് ഓഫിസർ |
| | ശ്രീമതി. ഉഷ. എ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ |

| | | |
|---|---|---|
| | ശ്രീമതി. വിപിന വത്സരാജ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കാട്ടൂർ മഹമ്മൂദ്. | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീ. ടി. പി. മുസ്തഫ. | 1-4-2017 മുതൽ 31-3-2018 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എം. കെ. സജിത്ത് കുമാർ. | 1-4-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. രാജീവൻ. ടി. | 1-4-2017 മുതൽ 13-12-2017 വരെ |
| | ശ്രീ. ദിലീഷ്. കെ. | 14-12-2017 മുതൽ 31-3-2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. പ്രമോദ്. എം. കെ. | 1-4-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ. (തൃപ്രങ്ങോട്ടൂർ) | ശ്രീ. വിജീഷ്. എൻ. കെ. | 1-4-2017 മുതൽ 5-10-2017 വരെ |
| | ശ്രീമതി. ജിദിഷ. ജെ. | 6-10-2017 മുതൽ 31-3-2018വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. സീനത്ത് കുഞ്ഞമ്മദ്. | 1-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. സ്മിത. വി.കെ. | 1-4-2017 മുതൽ |

| | | |
|---|---|---|
| | | 11-4-2017 വരെ |
| | ഡോ. ചൈതന്യ. കെ. വി. | 12-4-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ GHD | ഡോ. ദീപ. പി. | 1-4-2017 മുതൽ 31-3-2018 വരെ |
| വെറ്റിനറി സർജൻ | ഡോ. അനിൽരാജ്. സി.ആർ. | 1-4-2017 മുതൽ 30-6-2017 വരെ |
| | ഡോ. രേഖ. വി. | 1-7-2017 മുതൽ 31-3-2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. സീത. ടി. | 1-4-2017 മുതൽ 30-4-2017 വരെ |
| | ശ്രീമതി. ആശാലത.പി.വി. | 1-5-2017 മുതൽ 31-3-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. സുരേന്ദ്രൻ. എം. പി. | 1-4-2017 മുതൽ 31-5-2017 വരെ |
| | ശ്രീമതി. മീര. എൻ. | 1-6-2017 മുതൽ 31-3-2018 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 13 | മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കുന്നില്ല. | 2-1 |
| 14 | ഡി & ഒ ലൈസൻസ് അപാകങ്ങൾ | 2-2 |
| 15 | വളർത്തുപട്ടികൾക്ക് ലൈസൻസേർപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. | 2-3 |
| 16 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് എടുത്തത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല | 2-4 |
| 17 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല | 2-5 |
| ഭാഗം 3 ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | പി.എച്ച്.സിക്കുള്ള മരുന്ന് വാങ്ങൽ -₹28,721ന്റെ മരുന്നുകൾ ലഭ്യമാക്കിയില്ല. മരുന്ന വിതരണത്തിൽ ദീർഘമായ കാലതാമസം | 3-1 |
| 19 | സാന്ത്വന പരിചരണ പദ്ധതി ഉപകരണങ്ങൾ വാങ്ങൽ -വർഷമൊന്നു കഴിഞ്ഞിട്ടും ഉപകരണങ്ങൾ ലഭ്യമായില്ല | 3-2 |
| 20 | കന്നുകുട്ടി പരിപാലന പദ്ധതി - അപാകങ്ങൾ | 3-3 |
| 21 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അപാകങ്ങൾ | 3-4 |

| | | |
|---|---|---|
| 22 | സ്വയം തൊഴിലിന് ഇരുചക്രവാഹനം - അധികം സബ്സിഡി അനുവദിച്ച ₹2012യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-5 |
| 23 | നെൽകൃഷി കൂലി ചെലവ് - അപാകങ്ങൾ | 3-6 |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് - അധികം നൽകിയ ₹25000 യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-7 |
| 25 | കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല | 3-8 |
| 26 | കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയതിൽ കുറവ് | 3-9 |
| 27 | അംഗൻവാടികളുടെ പ്രവർത്തനം-ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായി ഇടപെടേണ്ടതാണ്. | 3-10 |
| 28 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ | 3-11 |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |

| | | |
|---|---|---|
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 39 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 40 | റസീറ്റ് & പെയ്മെന്റ് സ്റ്റേയിറ്റ്മെന്റ് | അനുബന്ധം2-1 |
| 41 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേയിറ്റ്മെന്റ് | അനുബന്ധം2-2 |
| 42 | ബാലൻസ് ഷീറ്റ് | അനുബന്ധം2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 24-3-2017 ലെ 28/2017 -ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 22-3-2018 ലെ 47/18-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവിരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരമുള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ |
|---|---|---|

| | | |
|---|---|---|
| മുന്നിരിപ്പ് | 20983209 | 9533002 |
| വരവ് | 129879515 | 98605207 |
| ആകെ | 150862724 | 108138209 |
| ചെലവ് | 126075000 | 97651280 |
| നീക്കിയിരിപ്പ് | 24787724 | 10486929 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2017-18 | 31-7-2018 | 15-5-2018 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| 2017-18 | 22-6-2018 മുതൽ 23-6-2018 വരെ | കെ.എസ്എ/കെ.എൻ.ആർ/സി.8/ 1230/2018.<br>തീയ്യതി : 31-7-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | 14586541 |
| വരവ് | 51516466 |
| ആകെ | 66103007 |
| ചെലവ് | 46256440 |
| നീക്കിയിരിപ്പ് | 19846567 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നി | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | രിപ്പ് | | | | യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 14075000 | 14075000 | 13281602 | 793398 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 1199268 | 1199268 | 1059507 | 139761 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 884640 | 884640 | 808173 | 76467 |
| മെയിന്റനൻസ് ഫണ്ട് റോഡ് (ACR പ്രകാരം) | - | 5246000 | 5246000 | 4194508 | 1051492 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് (ACR പ്രകാരം) | - | 3596000 | 3596000 | 2704015 | 891985 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 6610114 | 6610114 | 6602980 | 7134 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | - | 1552901 | 1552901 | 1453755 | 99146 |
| സാക്ഷരത | 41677 | 21779 | 63456 | - | 63456 |
| ദുരിതാശ്വാസനിധി | 141021 | 18183 | 159204 | 30000 | 129204 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് - തൊഴിലാളികളുടെ കൂലി | - | 8189188 | 8189188 | 8189188 | - |
| എം.ജി.എൻ.ആർ.ഇ.ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 772 | 554090 | 554862 | 553836 | 1026 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| 1.അനുപൂരക | 600746 | 778507 | 1379253 | 459038 | 920215 |

| | | | | | | |
|---|---|---|---|---|---|---|
| പോഷകാഹാരം | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് (കൂത്തുപറമ്പ്) | 4750 | 320000 | 324750 | 217276 ---------- 4750( റീ ഫണ്ട്) | 102724 |
| | ജില്ലാ പഞ്ചായത്ത് | 79575 | - | 79575 | - | 79575 |
| ബി ഫണ്ട് | | - | 46157020 | 46157020 | 46157020 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10989622 | 6178505 | 17168127 | 6943159 | 10224968 |
| | ട്രഷറി അക്കൗണ്ട് | 3109757 | 11320220 | 14429977 | 5300618 | 9129359 |

ജനറൽ പർപ്പസ് ഗ്രാന്റ് തുകയിലെ ചെലവ് പ്രത്യേകം സൂക്ഷിക്കുന്നില്ല. ജനറൽ പർപ്പസ് ഗ്രാന്റിന്റെ വിവരം തനത് ഫണ്ട് ട്രഷറി അക്കൗണ്ടിൽ ഉൾപ്പെടുന്നുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 53694723 | 128 | 32818412 | 27 | 34 | 62.35 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 32 | 20 | 9753793 | 3944920 | 40.44 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 19 | 18 | 2452200 | 2224815 | 90.73 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 75 | 56 | 21526130 | 12963385 | 60.22 |
| 4 | കൃഷി ഓഫീസർ | 8 | 8 | 2917197 | 1921182 | 65.86 |
| 5 | വി.ഇ.ഒ. തൃപ്രങ്ങോട്ടൂർ | 9 | 7 | 5292500 | 3339924 | 63.11 |
| 6 | മെഡിക്കൽ ഓഫീസർ PHC | 4 | 4 | 785533 | 773668 | 98.49 |
| 7 | മെഡിക്കൽ ഓഫീസർ GAD | 2 | 2 | 378000 | 374644 | 99.11 |
| 8 | മെഡിക്കൽ ഓഫീസർ GHD | 1 | 1 | 150000 | 150000 | 100 |
| 9 | വെറ്റിനറി സർജൻ | 6 | 6 | 5764740 | 2680411 | 46.5 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 4467530 | 4239683 | 94.9 |
| 11 | ഹെഡ് മാസ്റ്റർ | 2 | 2 | 207100 | 205780 | 99.36 |
| | ആകെ | 162 | 128 | 53694723 | 32818412 | 61.12 |

## **1-7** തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 772 | 554090 | 554862 | 553836 | 1026 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 8189188 | 8189188 | 8189188 | - |
| ആകെ | 772 | 8743278 | 8744050 | 8743024 | 1026 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 25920 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 2421200 | 817 |
| വിധവാ പെൻഷൻ | 13201400 | 4299 |
| വാർദ്ധക്യകാല പെൻഷൻ | 24897000 | 7092 |
| വികലാംഗ പെൻഷൻ | 4085400 | 1305 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1406100 | 462 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-2-2019 ന് വൈകുന്നേരം 4.10 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹ 26,945 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. കൃത്യമായി ജോലിവിഭജനം നടത്തി ചുമതലകൾ ഏൽപിച്ചുപോരുന്നുണ്ട്. പഞ്ചായത്ത് ഓഫീസ് ജീവനക്കാരുടെ യോഗം 2017-18 ൽ 12-07-17, 23-10-17, 17-11-17, 18-12-17, 01-01-18, 03-02-18, 02-03-18 എന്നീ തീയ്യതികളിൽ ചേർന്നിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകളിൽ ഓഫീസ് പ്രവർത്തനത്തിൽ സംഭവിക്കുന്ന പോരായ്മകൾ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ജീവനക്കാരുടെ അഭിപ്രായം ആരായുകയും പൊതുജനസൗഹൃദമായി ഓഫീസ് ജീവനക്കാരുടെ പെരുമാറ്റം മാറ്റിയെടുക്കുന്നതിനുള്ള

നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ജോലി പുരോഗതി ചർച്ച ചെയ്ത് വിലയിരുത്തുന്നതിനായി സ്റ്റാഫ് മീറ്റിങ്ങുകൾ പ്രതിമാസം ചേരാറുണ്ട്. നികുതി പിരിവ്, ഫണ്ട് വിനിയോഗം തുടങ്ങിയ കാര്യങ്ങളിൽ ജീവനക്കാർക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകുന്നതായും പുരോഗതി വിലയിരുത്താറുള്ളതായും കാണുന്നു. പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ നിശ്ചിത സമയ പരിധിക്കകം ലഭ്യമാക്കി വരുന്നതായും പൊതുവായ പരിശോധനയിൽ ബോധ്യപ്പെടുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-9-2005 | 1997-98മുതൽ 2004-05 വരെ | 30-9-2015 |
| പെർഫോമൻസ് ഓഡിറ്റ് | 14-2-2019 | 1-1-2019 മുതൽ 31-1-2019വരെ | 14-2-2019 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങളും പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെയും കുറിച്ചുള്ള കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

2.ട്രയൽ ബാലൻസിലെ ക്ലോസിംഗ് ബാലൻസിൽ ക്രഡിറ്റ് ബാലൻസും ഡെബിറ്റ് ബാലൻസും വന്നിട്ടുള്ളവയിൽ ലഡ്ജർ പ്രകാരമുള്ള ബാലൻസല്ല ട്രയൽബാലൻസായി കാണിച്ചിട്ടുള്ളത്.

3.വാർഷിക ധനകാര്യ പത്രികയിലെ വസ്തു നികുതി വരവിനത്തിലെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ പത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | കുടിശ്ശിക | | | തൻവർഷം | | |
|---|---|---|---|---|---|---|
| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വ്യത്യാസം | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വ്യത്യാസം |
| ഡിമാന്റ് | 909537 | 510559 | 398978 | 3885232 | 4076445 | -191213 |
| കലക്ഷൻ | 471943 | 510559 | -38616 | 3757902 | 4076445 | -318543 |
| ബാലൻസ് | 0 | 0 | | 0 | 0 | |

വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശ്ശികയിലും തൻവർഷവും ബാലൻസുണ്ടാവേണ്ടതാണ്.

4.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റമെന്റിലെ I-18 ഷെഡ്യൂൾ പ്രകാരം പ്രയർ പിരിയേഡ് ഇനമായി ₹ 440127 ഡിമാന്റിൽ കുറവ് വരുത്തിയതായി കാണുന്നു. ഇതിന് ആധാരമായ കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5.കെ.എസ്.ഇ.ബി-ക്ക് ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക (₹1142449/-) RP 47 ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് പകരം പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ് RP 38 (Fixed Asset) ലാണ് ചെലവ് കാണിച്ചത്. എന്നാൽ ഈ തുക ബാലൻസ് ഷീറ്റിലെ B-11 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. ആയത് B-18 ഷെഡ്യൂളിലാണ് ഉൾപ്പെട്ടിട്ടുള്ളത്.

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6.വാർഷിക സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കിയിട്ടില്ല.

7.ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ 2017-2022 വികസനരേഖ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. സ്ഥാപനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | പൊയിലൂർ സഹകരണബാങ്ക്, വടക്കേ പൊയിലൂർ ശാഖ |
| 2 | പൊയിലൂർ സഹകരണബാങ്ക്, വിളക്കോട്ടൂർ ശാഖ |
| 3 | അർബൻ സൊസൈറ്റി, കടവത്തൂർ |
| 4 | മഹാത്മാ വനിതാസഹകരണസംഘം, കല്ലിക്കണ്ടി |
| 5 | വെൽഫെയർ സൊസൈറ്റി, കല്ലിക്കണ്ടി |

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസ് 2017-18 വർഷം സ്ഥാപനനികുതി അടവാക്കിയിട്ടില്ല. മേൽ കാര്യങ്ങൾ സംബന്ധിച്ച് 10/23-2-2019 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിക്ക് പ്രസ്തുത സ്ഥാപനങ്ങൾക്ക് ഇത് സംബന്ധിച്ച് നോട്ടീസ് അയച്ചതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ള് ഷാപ്പുകൾ, റേഷൻകടകൾ, മാവേലിസ്റ്റോറുകൾ എന്നിവയുടെ കൃത്യമായ

എണ്ണം ലഭ്യമല്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തൊഴിൽ നികുതി അടക്കുവാൻ ബാധ്യതയുള്ള മുഴുവൻ സ്ഥാപനങ്ങളും തൊഴിൽനികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് അപാകങ്ങൾ

1. ലൈസൻസ് എടുക്കുന്നതിൽ കാലതാമസം - വൈകി കിട്ടുന്ന അപേക്ഷകളിൽ ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ), നിലവിൽ (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിനു 30 ദിവസത്തിനുള്ളിലായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ ഈ ആവശ്യത്തിലേക്കായി സമർപ്പിച്ച 334 അപേക്ഷകളിൽ 6 എണ്ണം മാത്രമാണ് യഥാസമയം ലൈസൻസ് പുതുക്കിയിട്ടുള്ളത്. ബാക്കിയുള്ളവ മേൽ സമയക്രമം പാലിച്ചിട്ടില്ല. ലൈസൻസ് യഥാസമയം പുതുക്കാത്തവരിൽ നിന്നും ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ഈടാക്കികൊണ്ട് ലൈസൻസ് പുതുക്കിനൽകുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ ഇപ്രകാരം അധിക ഫീസ് ഈടാക്കി പുതുക്കേണ്ടത് മേൽ ചട്ടങ്ങളിലെ പട്ടികIII, പട്ടികIV എന്നിവ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്ന സംഗതികളിൽ മാത്രമാണ്. ചട്ടം(19, 22 കാണുക). 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ), നിലവിൽ (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ചട്ടം 26 പ്രകാരം ചട്ടം ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കാവുന്നതാണ്.

2. ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസെടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ), നിലവിൽ (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസില്ലാതെ യാതൊരു സ്ഥാപനവും ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ലെന്ന് അധികൃതർ ഉറപ്പു വരുത്തേണ്ടതാണ്. ഡി&ഒ ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ അപേക്ഷകളും ഫയലും പരിശോധിച്ചപ്പോൾ ശ്രീ. അജിത് കുമാർ. കെ, കല്ലുള്ളതിൽ വീട്, ഉവക്കുന്ന് എന്നയാൾ വെൽഡിങ് ഷോപ്പിന് ഡി & ഒ ലൈസൻസ് ലഭ്യമാക്കാൻ നൽകിയ അപേക്ഷയിൻമേൽ അന്വേഷണ ഉദ്യോഗസ്ഥൻ നടത്തിയ സ്ഥലപരിശോധനയിൽ 2014-15, 2015-16, 2016-17 വർഷങ്ങളിൽ പ്രസ്തുതസ്ഥാപനം ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്നതായി കണ്ടെത്തുകയുണ്ടായി. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെ

കണ്ടെത്തി ലൈസൻസെടുപ്പിക്കുന്നതിനും ചട്ടലംഘനത്തിന് പിഴ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഡി & ഒ ലൈസൻസ് -ഭേദഗതി പ്രകാരമുള്ള നിരക്ക് ഈടാക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31-10-2017 ലെ ജി.ഒ.(പി) 80/2017 ത സ്വ ഭ വ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 31-10-2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പി) 80/2017ത സ്വ ഭ വ ഉത്തരവ് അടിസ്ഥാനമാക്കിയായിരുന്നു. എന്നാൽ തൻവർഷം ഗ്രാമ പഞ്ചായത്തിൽ പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വരുത്തിയിട്ടില്ല. ഭേദഗതി പ്രകാരം ലൈസൻസ് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 വളർത്തുപട്ടികൾക്ക് ലൈസൻസേർപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ 2017-2022 വികസനരേഖ പ്രകാരം പഞ്ചായത്തിൽ ആകെ 93 വളർത്തുപട്ടികളുണ്ടെന്നും അവയ്ക്കൊന്നിനും ലൈസൻസെടുത്തിട്ടില്ലെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. 1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിശ്ചിത തീയ്യതി മുതൽ പട്ടികളെ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് ഗ്രാമ പഞ്ചായത്തിന് പ്രമേയം മൂലം നിശ്ചയിക്കാവുന്നതാണ്. ഇത് സംബന്ധിച്ച് 8/23-2-2019പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രമേയത്തിനായി ഭരണസമിതി മുമ്പാകെ ശിപാർശ സമർപ്പിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് എടുത്തത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ)ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ആയത് ഉറപ്പുവരുത്തുന്നതിനായി പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഫീൽഡ് തല പരിശോധന നടത്തി മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വരുത്തുവാനും ചട്ട പ്രകാരം രജിസ്റ്റർ ചെയ്യുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചില്ല

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ -ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത്

എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫീ തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. ടെണ്ടർ ഫിയിനത്തിൽ ഓഡിറ്റ് വർഷം ₹3800 ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഇ-ടെണ്ടർ പ്രകാരം മുൻ വർഷങ്ങളിലെ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ<br>പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീ ₹ |
|---|---|---|
| 1 | 149/18<br>മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ | 2500 |
| 2 | 166/18<br>നരിക്കോട്മല ഗവ. എൽ. പി. സ്കൂൾ കോമ്പൗണ്ട് വാൾ നിർമ്മാണം | 1300 |
| | ആകെ | 3800 |

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പി.എച്ച്.സിക്കുള്ള മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയില്ല. മരുന്ന് വിതരണത്തിൽ ദീർഘമായ കാലതാമസം

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോജക്റ്റ് നമ്പർ : 25/18

പ്രോജക്റ്റിന്റെ പേര് : പി.എച്ച്.സിക്കുള്ള മരുന്ന് വാങ്ങൽ

അടങ്കൽ : ₹2,50,000 മെയിന്റനൻസ് ഫണ്ട് (നോൺറോഡ്)

ചെലവ് തുക : ₹2,50,000 ബിൽ നമ്പർ : 7/17-18/24-11-2017

പി.എച്ച്. സിക്കുള്ള മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിനായി ₹2,50,000 KMSCL ന് നൽകിയിട്ടുണ്ട്. ഇതിൽ ആകെ ₹2,21,279യുടെ മരുന്നുകൾ മാത്രമേ 5 തവണകളായി ലഭ്യമായിട്ടുള്ളൂ. ₹28,721ന്റെ മരുന്നുകൾ ഇതുവരെയായും ലഭിച്ചിട്ടില്ല. KMSCL ൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിന് ദീർഘമായ കാലതാമസം വന്നിട്ടുണ്ട്. രശീതി നമ്പർ 3043/05-01-18 പ്രകാരം KMSCL ₹2,50,000 കൈപ്പറ്റിയിട്ടുണ്ടെങ്കിലും മരുന്നുകൾ വിതരണം ചെയ്യുന്നത് 12-05-18, 06-06-18, 09-05-18, 15-12-18, 25-01-19 എന്നീ തീയ്യതികളിലാണ്. എന്നാൽ ആരോഗ്യവർക്കിംഗ് ഗ്രൂപ്പിന്റെ 31-03-2018ന് നടന്ന ആരോഗ്യമോണിറ്ററിംഗ് സമിതിയോഗത്തിൽ പ്രസ്തുത പദ്ധതി മാനദണ്ഡം പാലിച്ച് നിർവ്വഹണം പൂർത്തീകരിച്ചതായി വിലയിരുത്തിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിൽ വരുന്ന ദീർഘമായ കാലതാമസവും മരുന്നുകൾ ലഭ്യമാകുവാൻ

ബാക്കിയുള്ളതും സംബന്ധിച്ച് യാതൊരു പരാമർശവും മോണിട്ടറിംഗ് സമിതിയോഗത്തിൽ ഉണ്ടായിട്ടില്ല. ബാക്കിയുള്ള മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിയുടെ മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് തയ്യാറാക്കി മരുന്ന് വാങ്ങുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ മേൽ ഉത്തരവിന് വിരുദ്ധമായി പദ്ധതി ആവശ്യത്തിനു ഉപയോഗിക്കേണ്ട മരുന്നുകളും അനുബന്ധസാധനങ്ങളും മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ജില്ലാ വെയർ ഹൗസിൽ നിന്നും വിതരണം ചെയ്യുന്നതല്ല എന്ന ജില്ലാവെയർ ഹൗസ് മാനേജരുടെ പ്രസ്താവന ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മരുന്ന് വാങ്ങിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ (നം.2/20-2-2019) ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. മാർഗ്ഗരേഖ അനുശാസിക്കുന്ന തരത്തിലുള്ള രേഖകളുടെ/നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കുന്നത് എന്നുറപ്പുവരുത്തേണ്ടതാണ്.

## 3-2 സാന്ത്വന പരിചരണ പദ്ധതി:- ഉപകരണങ്ങൾ വാങ്ങൽ -മുഴുവൻ ഉപകരണങ്ങളും ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പ്രോജക്ട് നമ്പർ : 27/18

പ്രോജക്ടിന്റെ പേര് : സാന്ത്വന പരിചരണം

അടങ്കൽ : ₹485533 വികസനഫണ്ട്

ആകെ ചെലവ് : ₹478468

സാന്ത്വന പരിചരണം പദ്ധതിയുടെ ഭാഗമായി രോഗികൾക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി ബിൽ നമ്പർ : 9/17-18/21-02-2018 പ്രകാരം ₹1,40,000 KMSCL ന് നൽകിയിട്ടുണ്ട്. (രശീതി നമ്പർ 4182/23-02-18). പ്രൊഫോർമ ഇൻവോയ്സ് പ്രകാരം വിതരണം ചെയ്യേണ്ട ഉപകരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | Commode chair | 30 |
| 2 | Walking cane | 30 |
| 3 | Water for inj 10 ml | 9969 |

| | | |
|---|---|---|
| 4 | URI-COND SMALL | 500 |
| 5 | URI-COND MEDIUM | 500 |
| 6 | URI-COND LARGE | 500 |
| 7 | INTACAINE 2% JELLY 30gm | 1000 |
| 8 | SYRINGE 20-ML | 1000 |
| 9 | WATER BED | 20 |

മുകളിൽ കൊടുത്ത ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി ₹1,40,000 മുൻകൂർ ആയി നൽകിയിട്ടുണ്ടെങ്കിലും ₹40185-നുള്ള ഉപകരണങ്ങൾ മാത്രമാണ് ഇത് വരെയായി (ഇൻവോയ്സ് തീയ്യതി 25-01-2019) ലഭ്യമായിട്ടുള്ളത്. ലഭ്യമായ ഉപകരണങ്ങളുടെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | WATER BED | 20 |
| 2 | SYRINGE 20-ML | 400 |
| 3 | SYRINGE 20-ML | 600 |
| 4 | LOX 2% JELLY | 400 |

₹ 99,815 യുടെ ഉപകരണങ്ങൾ ഇതുവരെ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/20-2-2019)-ന് ലഭിച്ച മറുപടിയിൽ KMSCLനോട് ആവശ്യപ്പെട്ടപ്പോൾ കണക്കെടുപ്പ് നടക്കുകയാണെന്നും 21-02-2019 ന് ഫോൺ വഴി ആവശ്യപ്പെട്ടപ്പോൾ ഉടൻ ലഭ്യമാക്കുന്നതാണ് എന്നാണറിയിച്ചതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സാന്ത്വനപരിചരണമെന്ന അടിയന്തിര സ്വഭാവമുള്ള പദ്ധതിക്കായി 21-02-2018 ന് ₹1,40,000 KMSCL ന് നൽകി ഒരു വർഷം പൂർത്തിയായിട്ടും ₹40185 ക്കുള്ള ഉപകരണങ്ങൾ മാത്രമേ ലഭ്യമാട്ടുള്ളൂ എന്നത് ഗൗരവമായ വിഷയമാണ് വിഷയമാണ്.

എന്നിരുന്നിട്ടും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയും ശ്രദ്ധയും ഈ വിഷയത്തിലുണ്ടായിട്ടില്ല എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.ബാക്കി ഉപകരണങ്ങൾ ലഭ്യമാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 കന്നുകുട്ടി പരിപാലന പദ്ധതി - അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രോജക്ട് നമ്പർ : 89/18

പ്രോജക്ടിന്റെ പേര് : കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ : ₹2,50,000 വികസനഫണ്ട്

: ₹2,50,000 സംസ്ഥാനാവിഷ്കൃതം

: ₹5,00,000 ഗുണഭോക്തൃവിഹിതം

ആകെ : ₹10,00,000

ചെലവ് : ₹2,50,000 വികസനഫണ്ട്

ബിൽ നമ്പർ/ തീയ്യതി : 4/17-18/27-02-18

കന്നുകുട്ടി പരിപാലന പദ്ധതി എന്ന മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 40 ഗുണഭോക്താക്കളുടെ 4 മുതൽ 6 മാസം വരെ പ്രായമുള്ള ഓരോ കന്നുകുട്ടിക്കും ഗ്രാമ പഞ്ചായത്ത് വിഹിതമായി ₹6250യും ഡിപ്പാർട്ട്മെന്റ് വിഹിതമായി ₹6250യും ഉൾപ്പെടെ ആകെ ₹12,500 സബ്സിഡി നൽകുകയും ഗുണഭോക്താവ് സബ്സിഡിക്ക് തുല്യമായ തുക ചെലവഴിച്ച് കന്നുകുട്ടികൾക്ക് തീറ്റ ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. ഇതിനായി വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 4/17-18/27-02-18 പ്രകാരം ₹2,50,000 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയതിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം കാലിത്തീറ്റ വിതരണം നടത്തുന്നതിന് കടവത്തൂർ ക്ഷീരോത്പാദക സഹകരണ സംഘത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. സംഘത്തിൽ നിന്നും കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ ശ്രീ.സാബിറ പി.കെ എന്ന ഗുണഭോക്താവ് കാലിയെ വിറ്റതിനാൽ 9/2018 വരെ മാത്രമേ കാലിത്തീറ്റ വാങ്ങിയിട്ടുള്ളൂ എന്ന് കാണുകയുണ്ടായി. 2016-17 വർഷം പദ്ധതിപ്രകാരം എൻറോൾ ചെയ്ത ഗുണഭോക്താക്കളുടെ കാലിത്തീറ്റ വിതരണരജിസ്റ്റർ പരിശോധിച്ചപ്പോൾ ത്രേസ്യ, പി.ജെ. കുഞ്ഞിക്കണ്ണൻ എന്നീ ഗുണഭോക്താക്കൾ 31-03-17 മുതൽ 31-08-17 വരെ മാത്രമെ കാലിത്തീറ്റ വാങ്ങിയിട്ടുള്ളൂ എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. 31-03-17 മുതൽ 28-02- 19 വരെയാണ് പദ്ധതികാലയളവ്. ഇത്തരം സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് കാലിത്തീറ്റവിതരണത്തിനായി എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയ തുകയിൽ ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണത്തിന് ഉപയോഗപ്പെടാതെ ബാക്കിയുള്ള മുഴുവൻ തുകയും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-4 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോജക്റ്റ് നമ്പർ : 154/18

പ്രോജക്റ്റിന്റെ പേര് : ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ : ₹62370 വികസനഫണ്ട്

: ₹62370 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ആകെ : ₹1,24,740

ചെലവ് : ₹ 20,411

ബിൽ നമ്പർ : 10/17-18/28-03-18

തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിലെ അംഗീകൃത ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക ലിറ്ററിന് ₹4 നിരക്കിൽ (ഗ്രാമപഞ്ചായത്ത് ₹2, ബ്ലോക്ക് പഞ്ചായത്ത് ₹2) സബ്സിഡി നൽകുന്നതിനുള്ള പ്രോജക്റ്റാണിത്. ക്ഷീര കർഷകരുടെ സാമൂഹിക സാമ്പത്തിക ഉന്നമനമാണ് പ്രോജക്റ്റ് ലക്ഷ്യമിടുന്നത്. ഇതനുസരിച്ച് 18 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീര വികസന വകുപ്പ് നൽകുന്ന ₹1 ഉൾപ്പെടെയാണ് ₹4 സബ്സിഡി അനുവദിക്കേണ്ടത്. എന്നാലത് ഉൾപ്പെടാതെയാണ് പദ്ധതി പ്രകാരം ₹4 സബ്സിഡി നിശ്ചയിച്ചിട്ടുള്ളത്. ഡിപ്പാർട്ട്മെന്റ് ഈയിനത്തിൽ സബ്സിഡി ആനുകൂല്യംനൽകിയിട്ടില്ല എന്നുറപ്പുവരുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി വകയിരുത്തിയാണ് പ്രോജക്റ്റ് തയ്യാറാക്കിയതെങ്കിലും ഗ്രാമപഞ്ചായത്ത് വിഹിതമായ ₹2മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ക്ഷീരസംഘങ്ങളിൽ നിന്നുള്ള ലിസ്റ്റ് മാർച്ച് അവസാനവാരം മാത്രമാണ് ലഭിച്ചതെന്നും ആസമയത്ത് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതം മാത്രമേ നൽകിയുള്ളു എന്നും ഇത് സംബന്ധിച്ച് 23-2-2019ന് നൽകിയ എൻക്വയറിക്ക്(നം 7) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിക്കുന്ന മുറക്ക് ആയത് കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്. സബ്സിഡി അനുവദിക്കുന്നത് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ (പരമാവധി സബ്സിഡിയായി ഒരു ലിറ്റർ പാലിന് 4 രൂപയിൽ അധികരിക്കാതെ )പാലിച്ചുകൊണ്ടായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 സ്വയം തൊഴിലിന് ഇരുചക്രവാഹനം - അധികം സബ്സിഡി അനുവദിച്ച ₹2012 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നമ്പർ : 162/18

പ്രോജക്റ്റിന്റെ പേര് : സ്വയം തൊഴിലിന് ഇരുചക്രവാഹനം -(പട്ടികവർഗ്ഗം)

അടങ്കൽ : ₹ 60000 വികസന ഫണ്ട് (ടി.എസ്.പി)

ചെലവ് : ₹ 60000 ബിൽ നമ്പർ / തീയ്യതി : 25 /17-18/28-3-2018

പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ 2 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഇരുചക്ര വാഹനം വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനു വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്. ഇരുചക്രവാഹനം വാങ്ങലുമായി ബന്ധപ്പെട്ട് ₹60000 കണ്ണൂരിലെ പയനിയർ മോട്ടോർസ് എന്ന സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ [സ.ഉ.(എം.എസ്.) നം. 80/2017/തസ്വഭവ, തീയതി 3.04.17] ഖണ്ഡിക 8-7(5) പ്രകാരം മോട്ടോർ സൈക്കിൾ / സ്കൂട്ടർ വിലയുടെ 33 1/3% സബ്സിഡി (പരമാവധി ₹30,000) അനുവദിക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന 2 ഗുണഭോക്താക്കൾക്ക് പ്രസ്തുത വ്യവസ്ഥ പരിഗണിക്കാതെ പരമാവധി തുകയായ ₹30000 വീതമാണ് സബ്സിഡിയായി അനുവദിച്ചത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാഹനം വാങ്ങിയ സ്ഥാപനത്തിന്റെ പേര് /ഇൻവോയ്സ് നമ്പർ | വാഹന വില | അനുവദിച്ച സബ്സിഡി | അനുവദനീയമായത് (വാഹന വിലയുടെ 33 1/3% ) | സബ്സിഡി അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | ശ്രീ.രഘു ആനക്കുഴിയിൽ നരിക്കോട്ട്മല | പയനിയർ മോട്ടോർസ്, കണ്ണൂർ, ഇൻവോയ്സ് നമ്പർ 4105/23-2-18 | ₹ 86980 | 30000 | 28993 | 1007 |
| 2 | ശ്രീ.ലിന്റോ. സി.പി. നരിക്കോട് | പയനിയർ മോട്ടോർസ് കണ്ണൂർ. ഇൻവോയ്സ് നമ്പർ 4104/23-2-18 | ₹ 86984 | 30000 | 28995 | 1005 |

| | | | | | | |
|---|---|---|---|---|---|---|
| | | ആകെ | | | | 2012 |

ഇപ്രകാരം സബ്സിഡിയിനത്തിൽ അധിക തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-21/25-02-19) അധികം നൽകിയ തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി ഒടുക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം അനുവദിച്ച ₹2012 യുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-6 നെൽകൃഷി കൂലി ചെലവ് - അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ : 31/18

പ്രോജക്ടിന്റെ പേര് : നെൽകൃഷി കൂലി ചെലവ്

അടങ്കൽ : ₹ 1,70,000 വികസന ഫണ്ട്

: ₹ 1,70,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ആകെ : ₹ 3,40,000

ചെലവ് : ₹ 28,390 ബിൽ നമ്പർ / തീയ്യതി : 8 /17-18/28-3-2018

: ₹ 28,390 ചെക്ക് നമ്പർ / തീയ്യതി : 6134142/28-3-2018

ആകെ : ₹ 56,780

നെൽകൃഷി ചെയ്യുന്നതിന് നടീലും കൊയ്ത്തും ഇനത്തിൽ കൂലി ചെലവ് ഹെക്ടറിന് ₹17000 യാണ് പദ്ധതിയിൽ വിഭാവനം ചെയ്തത്. ഇതു പ്രകാരം പഞ്ചായത്ത് ഏറ്റെടുത്ത പ്രോജക്ടിലേക്ക് 50% ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ലഭിച്ചിട്ടുണ്ട്. 15 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതിനു വേണ്ടിയാണ് ₹56,780 വിനിയോഗിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തിയ സാക്ഷ്യപത്രം, പരിശോധനാ റിപ്പോർട്ട് ഇവ ഹാജരാക്കിയിട്ടില്ല.
2. മറ്റേതെങ്കിലും സ്കീം പ്രകാരം ഈയിനത്തിൽ തുക ലഭിച്ചിട്ടില്ലെന്ന് കാണിക്കുന്ന രേഖ.

മേൽ പറഞ്ഞ അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ12/25-02-19)വിള ഇൻഷൂറൻസ് തുക ഒടുക്കിയതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കുകയും എന്നാൽ ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്നും കൃഷി ഓഫീസറുടെ സാക്ഷ്യപത്രം മറ്റേതങ്കിലും സ്കീം പ്രകാരം തുക ലഭിച്ചിട്ടില്ലായെന്ന് ഉറപ്പാക്കുന്ന രേഖകയും ഹാജരാക്കുന്നതായി കൃഷി ഓഫീസർ അറിയിക്കുകയുണ്ടായി. ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തിയ സാക്ഷ്യപത്രവും, പരിശോധനാ റിപ്പോർട്ടും സബ്സിഡി നൽകുന്നതിന് മുമ്പായി ഓരോ അപേക്ഷയുടെ കൂടെയും ഉൾപ്പെടുത്തേണ്ടതാണ്.

## 3-7 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് - അധികം നൽകിയ ₹25000 യുടെ ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ : 136/18

പ്രോജക്ടിന്റെ പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ്

അടങ്കൽ : ₹ 150000 വികസന ഫണ്ട് (എസ്. സി .പി)

ചെലവ് : ₹ 150000 ബിൽ നമ്പർ/ തീയ്യതി : 1 /17-18/30-10-2017

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. 5 വിദ്യാർത്ഥികൾക്ക് 30000 രൂപ വീതം സ്കോളർഷിപ്പ് നൽകുന്നതിനാണ് ₹150000ചെലവഴിച്ചത്. 3-4-2017 ലെ 13ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം. 80/17/ത.സ്വ.ഭ.വ പ്രകാരം സംസ്ഥാന സർക്കാരോ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും കേന്ദ്ര സംസ്ഥാനതല പ്രവേശന പരീക്ഷയിൽ യോഗ്യതനേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്.

| ക്രമ നമ്പർ | കോഴ്സുകൾ | സ്കോളർഷിപ്പ് തുക ₹ |
|---|---|---|
| 1 | മെഡിക്കൽ കോഴ്സ് | 30000 |
| 2 | എഞ്ചിനീയറിംഗ് | 20000 |
| 3 | ബിരുദബിരുദാനന്തര/ഗവേഷണ കോഴ്സ് | 30000 |
| 4 | മറ്റെല്ലാ കോഴ്സുകൾക്കും | 15000 |

പദ്ധതി പ്രകാരം താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് അനുവദനീയമായതിലും അധികമായി സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട് .

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കോഴ്സ് | സ്കോളർഷിപ്പ് ₹ | | |
|---|---|---|---|---|---|
| | | | അനുവദിക്കേണ്ടത് | അനുവദിച്ചത് | അധികം |
| 1 | ശ്രീമതി.രാഗി .കെ. കുനിയിൽ | ബി.എഡ്, TIM ട്രെയിനിംഗ് കോളേജ്,നാദാപുരം | 15000 | 30000 | 15000 |
| 2 | ശ്രീ.ജിറോൺ മുക്കോത്ത് | കോളേജ് ഓഫ് എഞ്ചിനിയറിംഗ്, തലശ്ശേരി | 20000 | 30000 | 10000 |
| | | ആകെ | | | 25000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -19/17-18 ,25-02-19) സ്കോളർഷിപ്പ് ഇനത്തിൽ അധികം നൽകിയ തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ അടവാക്കുന്നതായി അറിയിച്ചിട്ടുണ്ട്. അധികം നൽകിയ ₹25000 ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് .

## 3-8 കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾ കരാറുകാർ യഥാസമയം പൂർത്തിയാക്കിയിട്ടില്ല. കരാർ വ്യവസ്ഥയനുസരിച്ച് നിശ്ചിത കാലാവധിയുടെ നാലിൽ ഒന്ന് സമയം (25%) കരാർ തുകയുടെ 1% തുക (മിനിമം ₹1000 പരമാവധി ₹50000) പിഴ ചുമത്തികൊണ്ടും അതിൽ കൂടുതൽ വരുന്ന സമയത്തിന് (പരമാവധി 50% കാലാവധി) രണ്ട് ശതമാനവും (മിനിമം ₹2000 പരമാവധി ₹100000) പിഴചുമത്തികൊണ്ടും മാത്രമേ കാലാവധി നീട്ടിക്കൊടുക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറുകാരൻ കൂടുതൽ സമയം ആവശ്യപ്പെടുകയോ അത് അനുവദിക്കുകയോ ചെയ്തിട്ടില്ല. യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

1. പൊയിലൂർ പള്ളി ബോംബെ ബെയ്ക്കറി റോഡ് ടാറിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 49/18 സ്പിൽ ഓവർ

പ്രോജക്ടിന്റെ പേര് : പൊയിലൂർ പള്ളി ബോംബെ ബെയ്ക്കറി റോഡ് ടാറിംഗ്

അടങ്കൽ : ₹ 25,000 ധനകാര്യകമ്മീഷൻ അവാർഡ്

: ₹ 2,27,560 ലോക ബാങ്ക് സഹായം

ആകെ : ₹ 2,52,560

ചെലവ് തുക : ₹ 24,345 ബിൽ നമ്പർ : 18/17-18/30-12-2017

: ₹ 2,27,560 ബിൽ നമ്പർ : 19/17-18/30-12-2017

ആകെ : ₹2,51,905

കരാറുകാരൻ : ശ്രീ.ജോൺ ബെൻസ്

കരാർ : 39/AE/LSGD/TGP/16-17/9-3-2017

കരാർ തുക : ₹2,52,307

അളവ് പുസ്തകം : 39/16-17

പ്രവൃത്തി ആരംഭിച്ച തീയ്യതി : 9-3-2017

പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയ്യതി : 8-6-2017

പ്രവൃത്തി പൂർത്തിയാക്കിയ തീയ്യതി : 4-12-2017

പ്രവൃത്തി പൂർത്തിയാക്കാൻ കൂടുതലായി എടുത്ത സമയം: 179 ദിവസം

കരാറുകാരനിൽ നിന്നും ഈടാക്കിയ പിഴ : ഇല്ല

പൊയിലൂർ പള്ളി ബോംബെ ബെയ്ക്കറി റോഡ് ടാറിംഗ് എന്ന മേൽ പ്രോജക്ട്

നടപ്പിലാക്കുന്നതിന് കരാറുകാരൻ 179 ദിവസം കൂടുതലായി വിനിയോഗിച്ചിട്ടുണ്ട്. കരാറുകാരന് തുക അനുവദിക്കുമ്പോൾ പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിന്റെ പിഴയായി തുകയൊന്നും ഈടാക്കിയിട്ടില്ല. കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന പിഴ കണക്കാക്കി കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

2. ഹോമിയോ ഡിസ്‌പെൻസറിക്ക് അധിക സൗകര്യം

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നമ്പർ : 42/18 സ്പിൽ ഓവർ

പ്രോജക്ടിന്റെ പേര് : ഹോമിയോ ഡിസ്‌പെൻസറിക്ക് അധിക സൗകര്യം

അടങ്കൽ : ₹ 75,000 മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് തുക : ₹55,517 ബിൽ നമ്പർ : 16/17-18/23-3-2018

കരാറുകാരൻ : ജോൺ ബെൻസ്

കരാർ : 27/AE/LSGD/TGP/16-17/23-2-2017

കരാർ തുക : ₹74,680

അളവ് പുസ്തകം : 27/16-17

പ്രവൃത്തി ആരംഭിച്ച തീയ്യതി : 23-2-2017

പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയ്യതി : 22-5-2017

പ്രവൃത്തി പൂർത്തിയാക്കിയ തീയ്യതി : 28-6-2017

പ്രവൃത്തി പൂർത്തിയാക്കാൻ കൂടുതലായി എടുത്ത സമയം : 38 ദിവസം

കരാറുകാരനിൽ നിന്നും ഈടാക്കിയ പിഴ : ഇല്ല

ഹോമിയോ ഡിസ്‌പെൻസറിക്ക് അധിക സൗകര്യം എന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് കരാറുകാരൻ 38 ദിവസം കൂടുതലായി വിനിയോഗിച്ചിട്ടുണ്ട്. കരാറുകാരന് തുക അനുവദിക്കുമ്പോൾ പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിന്റെ പിഴയായി തുകയൊന്നും ഈടാക്കിയിട്ടില്ല. കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന പിഴ കണക്കാക്കി കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

## **3-9** കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയതിൽ കുറവ്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾ കരാറുകാർ യഥാസമയം പൂർത്തിയാക്കിയിട്ടില്ല. കരാർ വ്യവസ്ഥയനുസരിച്ച് നിശ്ചിത കാലാവധിയുടെ നാലിൽ ഒന്ന് സമയം (25%) കരാർ തുകയുടെ

1% തുക (മിനിമം ₹1000 പരമാവധി ₹50000) പിഴ ചുമത്തികൊണ്ടും അതിൽ കൂടുതൽ വരുന്ന സമയത്തിന് (പരമാവധി 50% കാലാവധി) രണ്ട് ശതമാനവും (മിനിമം ₹2000 പരമാവധി ₹100000) പിഴചുമത്തികൊണ്ടും മാത്രമേ കാലാവധി നീട്ടിക്കൊടുക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറുകാരൻ കൂടുതൽ സമയം ആവശ്യപ്പെട്ടുകയോ അത് അനുവദിക്കുകയോ ചെയ്തിട്ടില്ല. കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്തതുകൊണ്ട് വർക്ക് ബിൽ പ്രകാരം ഈടാക്കിയ പിഴയിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

1. പൊയിലൂർ ബസ് സ്റ്റോപ്പ് പുല്ലായിത്തോട് റോഡ് റീ ടാറിംഗ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

പ്രൊജക്റ്റ് നമ്പർ : 51/18 സ്പിൽ ഓവർ

പ്രൊജക്ടിന്റെ പേര് : പൊയിലൂർ ബസ് സ്റ്റോപ്പ് പുല്ലായിത്തോട് റോഡ് റീ ടാറിംഗ്

അടങ്കൽ : ₹ 2,50,000 ധനകാര്യകമ്മീഷൻ അവാർഡ്

ചെലവ് തുക : ₹2,46,505 ബിൽ നമ്പർ : 35/17-18/23-3-2018

കരാറുകാരൻ : ശ്രീ.ജോൺ ബെൻസ്

കരാർ : 40/AE/LSGD/TGP/16-17/9-3-2017

കരാർ തുക : ₹2,49,912

അളവ് പുസ്തകം : 40/16-17

പ്രവൃത്തി ആരംഭിച്ച തീയ്യതി : 9-3-2017

പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയ്യതി : 8-6-2017

പ്രവൃത്തി പൂർത്തിയാക്കിയ തീയ്യതി : 12-12-2017

പ്രവൃത്തി പൂർത്തിയാക്കാൻ കൂടുതലായി എടുത്ത സമയം : 187 ദിവസം

കരാറുകാരനിൽ നിന്നും ഈടാക്കിയ പിഴ : 4987 (2%)

പൊയിലൂർ ബസ് സ്റ്റോപ്പ് പുല്ലായിത്തോട് റോഡ് റീ ടാറിംഗ് എന്ന മേൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് കരാറുകാരൻ 187 ദിവസം കൂടുതലായി വിനിയോഗിച്ചിട്ടുണ്ട്. കരാറുകാരന് തുക അനുവദിക്കുമ്പോൾ പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിന്റെ പിഴയായി ₹4987 (2%) മാത്രമാണ് ഈടാക്കിയിട്ടുള്ളത്. കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതിൽ കുറവ് വന്ന തുക കണക്കാക്കി കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

## **3-10** അംഗൻവാടികളുടെ പ്രവർത്തനം-ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി കാര്യക്ഷമമായി ഇടപെടേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ആകെ 29 അംഗൻവാടികളാണുള്ളത്. 16 അംഗൻവാടികൾക്കാണ് സ്വന്തമായി കെട്ടിടമുള്ളത്. അംഗൻവാടികളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ് എന്ന് ഗ്രാമപഞ്ചായത്തിലെ 2017-22 വികസനരേഖ, സ്റ്റാറ്റസ് റിപ്പോർട്ട് ഇവയിലെ വിവരങ്ങൾ വ്യക്തമാക്കുന്നു. 10 അംഗൻവാടികൾക്ക് മാത്രമാണ് വൈദ്യുതി കണക്ഷൻ ഉള്ളത്. അംഗൻവാടികളിലൊന്നിൽ പോലും ശിശുസൗഹൃദ ടോയ് ലറ്റുകൾ സ്ഥാപിച്ചിട്ടില്ല. കുട്ടികളിൽ ആരോഗ്യകരമായ ടോയ് ലറ്റ് ശീലം വളർത്തിക്കൊണ്ടുവരുന്നതിന് മുഴുവൻ അംഗൻവാടികളിലും ശിശു സൗഹൃദടോയിലറ്റുകൾ സ്ഥാപിക്കേണ്ടതാണ്. അഞ്ച് അംഗൻവാടികൾക്ക് ടോയിലറ്റ് സൗകര്യമോ ഇല്ല. ഇത് അതീവ ഗൗരവപരമായി കണക്കിലെടുക്കേണ്ട വിഷയമാണ്. അംഗൻവാടികളിലെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ ഇടവേളകളിൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്. അംഗൻവാടികളുടെ പ്രവർത്തനവും പോഷകാഹാര വിതരണവും ഫലപ്രദമാണോയെന്ന് ഉറപ്പുവരുത്താൻ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടേണ്ടതാണ്.

## 3-11 രജിസ്റ്റർ സൂക്ഷിപ്പിലെ അപാകങ്ങൾ

ജി.ഒ (പി) 177/2006 ധനം 12-04-2006 പ്രകാരം പഞ്ചായത്തിൽ നിന്ന് ലഭ്യമാകുന്ന ഫണ്ടുകൾ മാത്രം രേഖപ്പെടുത്തുന്നതിനായി സബ്സിഡിയറി രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്. ഇതിനുപകരം PHCമെഡിക്കൽ ഓഫീസർ TR-7A കേഷ് ബുക്കിലാണ് പഞ്ചായത്ത് ഫണ്ടിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയത്. TR-7A കേഷ്ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. എന്നാൽ ഇതിൽ ഡിപ്പാർട്ട്മെന്റ് വരവ് ചെലവ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയത്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരേ സമയം രണ്ട് ക്യാഷ്ബുക്ക് സൂക്ഷിക്കേണ്ടതില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 85000 | 31/18 നെൽകൃഷിക്ക് കൂലിചെലവ് | 28390 | 56610 |
| 2 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 35000 | 77/18 പച്ചക്കറി കൃഷിക്ക് | 34986 | 14 |

| | | | | | |
|---|---|---|---|---|---|
| | | | കൂലിചെലവ് | | |
| 3 | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 200000 | 14/18<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 153900 | 46100 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 4/18<br>സമ്പൂർണ്ണ വൈദ്യുതീകരണം | 13/17-18<br>5-1-2018 | 197084 | 197084 | ഇല്ല |
| KSEB | 140/18<br>തെരുവു വിളക്കിന് ലൈൻ വലിക്കൽ (പാറാട്) | 16/17-18<br>12-2-2018 | 659400 | 659400 | ഇല്ല |
| KSEB | 141/18<br>തെരുവു വിളക്കിന് ലൈൻ വലിക്കൽ (ചൊക്ലി) | 23/17-18<br>2-3-2018 | 285965 | 285965 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1371209 |
| തൻവർഷം നിക്ഷേപിച്ച തുക | 116837 |
| ആകെ | 1488046 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1488046 |

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| കണ്ണൂർ ജില്ലാ കോ ഓപ്പറേറ്റീവ് ബാങ്ക് 039133/21-11-2017 | 10,82,500 |
| പൊയിലൂർ കോ ഓപ്പറേറ്റീവ് ബാങ്ക് 5683/15-5-2017 | 2,07,137 |
| പൊയിലൂർ കോ ഓപ്പറേറ്റീവ് ബാങ്ക് 5684/15-5-2017 | 1,98,409 |
| ആകെ | 14,88,046 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3-3 | 2005-06 | 2-85എ | കാർഷിക പദ്ധതികൾക്ക് അധികം സബ്സിഡി | നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ ന | റിപ്പോർട്ട് വർ | ഖണ്ഡിക നം. | ഉത്തരവാദിയായ | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാ | റവന്യൂ റിക്ക | കോടതി വ്യവഹാര | ആകെ | അവശേഷി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| മ്പർ | ഷം | | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | | | ക്കിയ തുക (രസീത് നമ്പർ/ തീയതി) | വറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | ങ്ങളിൽ | | ലഭ്യമായ തുക | ക്കുന്ന തുക/ ബാധ്യത | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2001-02 പ.വി | 18 | പി.സി. തോമസ് ,സെക്രട്ടറി | എൽ.എഫ്10/554 സ്പെഷ്യൽ. സെൽ എസ്.സി6 04/17.8.05 | 41700 | - | - | - | - | - | - | - |
| 2 | 1998-99 | 36 | എം.എം. ദാമോദരൻ ,സെക്രട്ടറി | എൽ.എഫ് 3/429 സ്പെഷ്യൽ. സെൽ എസ്.സി.6 03/15.03.2004 | 43750 | 48490, ചെക്ക് നമ്പർ 14443/ 1-3-00 | - | - | - | 48490 | - | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 51516466 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 46256440 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 27012 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 0 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-5 | - | 2012 | ശ്രീ. എം. കെ. സജിത്ത് കുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | - | 25000 | ശ്രീ. എം. കെ. സജിത്ത് കുമാർ, |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | - | 27012 | |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക **-** ഇല്ല

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| നഷ്ടത്തിന് ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം. കെ. സജിത്ത് കുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്ത് | നിഹാരം<br>മുയിപ്പോത്ത്-പി.ഒ<br>പേരാമ്പ്ര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 1 |
| 1999-00 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 1 |
| 1999-00 (പ.വി) | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 3 |
| 2001-02 (പ.വി) | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 1 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 16 |
| 2003-04 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 16 |
| 2004-05 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 11 |
| 2005-06 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 9 |
| 2006-07 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 9 |
| 2007-08 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 30 |
| 2008-09 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 5 |
| 2009-10 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 8 |
| 2010-11<br>2011-12 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 6 |
| 2012-13 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 10 |
| 2013-14<br>2014-15 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 6 |
| 2015-16 | എൽ.എഫ്/കെ.എൻ.ആർ /സി.8/613/2018 തീ : 19-4-2018 | 9 |
| 2016-17 | കെ.എസ്.എ /കെ..എൻ.ആർ /സി.8/466/18തീ : 10-5-2018 | 23 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.8/242/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 28.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# 1. RECEIPT AND PAYMENT STATEMENT OF THRIPRANGOTTOOR GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 14409949<br>176592 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 888360 |
| 140000000 | Fees & User Charges | RP-4 | 462999 |
| 150000000 | Sale & Hire Charges | RP-5 | 99259 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 40375460 |
| 171000000 | Interest Earned | RP-9 | 353270 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3974719 |
| 350000000 | Other Liabilities | RP-36 | 178800 |
| Non operating | | | |
| 180000000 | Other Income | RP-10 | 330 |

| | | | |
|---|---|---|---|
| 311000000 | Earmarked Fund | RP-29 | 17783 |
| 340000000 | Deposits Received | RP-34 | 94600 |
| 350000000 | Other Liabilities | RP-36 | 288449 |
| 431000000 | Sundry Debtors (Receivables) | RP-43 | 4724686 |
| 460000000 | Loans, Advances and Deposits | RP-47 | 57751 |
| Grand Total | | | 66103007 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3160508 |
| 220000000 | Administrative Expenses | RP-12 | 617214 |
| 230000000 | Operations & Maintenance | RP-13 | 1361607 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4661593 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 11893473 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 625854 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 809676 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 188982 |
| 255000000 | Maintance Projects | RP-20 | 6244490 |
| 280000000 | Prior Period Item | RP-26 | -6508 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 130750 |
| 350000000 | Othes Liabilities | RP-36 | 4343592 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 10985 |
| 280000000 | Prior Period Item | RP-26 | -10325 |
| 311000000 | Earmarked Funds | RP-29 | 30000 |
| 330000000 | Secured Loans | RP-32 | |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 165715 |
| 350000000 | Other Liabilities | RP-36 | 1690594 |
| 410000000 | Fixed Assets | RP-38 | 3465228 |
| 412000000 | Capital Work in Progress | RP-40 | 6305999 |
| 460000000 | Loans, Advances and Deposits | RP-47 | 567013 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 19798143<br>48424 |
| Grand Total | | | 66103007 |

അനുബന്ധം 2-2

2. INCOME AND EXPENDITURE STATEMENT OF THRIPRANGOTTOOR GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5063082 |
| 130000000 | Rental Income from Panchayat Properties | I-3 | 138516 |
| 140000000 | Fees & User Charges | I-4(b) | 547114 |
| 150000000 | Sale & Hire Charges | I-5(b) | 99259 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 88005006 |
| 171000000 | Interest Earned | I-8 | 116837 |
| 180000000 | Other Income | I-9 | 330 |
| A | Total Income | | 94323414 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9128480 |
| 220000000 | Administrative Expenses | I-11(b) | 617214 |
| 230000000 | Operations & Maintenance | I-12(b) | 1361607 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 10985 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 7989853 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 16992408 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 625854 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 809676 |
| 254000000 | Expenditure of Transferrred Institutions & State Sponored Schems | I-14(d) | 46200082 |
| 255000000 | Maintance Projects | I-14(e) | 6244490 |
| 270000000 | Provisions and Write off | I-16 | 124934 |
| 272000000 | Depreciation | I-17(a) | 5618252 |
| B | Total Expenditure | | 95723835 |
| C=A-B | Gross Surplus / Defict Income over Expenditure | | -1400421 |
| D= 280000000 | Prior Period Item | I-18 | 423294 |
| E=C-D<br>290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -1823715 |
| | Net Balance being Surplus/Defict carried over to<br>Balance Sheet (Panchayat Fund) | | |

അനുബന്ധം 2-3

BALANCE SHEET OF THRIPRANGOTTOOR GRAMA PANCHAYAT AS ON 31-3-2018

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 6510473.7 |
| 311000000 | Earmarked Funds | B-2 | 129204 |
| 312000000 | Reserves | B-3 | 40243436 |
| | Total Reserve & Surplus | | 46883113.7 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 2948233 |
| | Total Grants,Contribution for specific purposes | | 2948233 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 1489690 |
| 350000000 | Other Liabilities | B-9 | 966289.3 |
| | Total Current Liabilities and Provisions | | 2455979.3 |
| | TOTAL LIABILITIES | | 52287326 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 55026901 |
| 411000000 | Accumulated Depreciation | B-11 | -27338146 |
| 412000000 | Capital Work In Progress | B-11(a) | 1692714 |
| | Total Fixed Assets | | 29381469 |
| | Investments | | |
| 420000000 | Investments | B-12 | 1488046 |
| | Total Investments | | 1488046 |
| | Current Assets,Loans and Advances | | 1488046 |
| 450000000 | Cash and Bank balance | B-17 | 19846567 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 1571244 |
| | Total Current Assets,Loans and Advances | | 21417811 |
| | TOTAL ASSETS | | 52287326 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.